## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:** 282 **23.01.2018**-ൽ മറുപടിക്ക്

### ഒഴൂർ പി.എച്ച്.സി ക്ക് പുതിയ കെട്ടിടം

**ചോദ്യം** **മറുപടി**

**ശ്രീ.വി. അബ്ദുറഹിമാൻ** **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | താനൂർ നിയോജക മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ഒഴൂർ പി.എച്ച്.സി ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിരുന്ന പദ്ധതിക്കായി ഡി.പി.ആർ സമർപ്പിച്ച് ഒട്ടേറെ മാസങ്ങൾ കഴിഞ്ഞിട്ടും ഭരണാനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | എ) & ബി) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒഴൂർ പി.എച്ച്.സി ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഡി.പി.ആർ ലഭിച്ചെങ്കിലും പ്രസ്തുത പദ്ധതിയിൻ കീഴിൽ പുതിയ കെട്ടിട നിർമ്മാണത്തിന് വ്യവസ്ഥ ഇല്ലാത്തതിനാൽ പ്രസ്തുത നിർമ്മാണ പ്രവർത്തിക്കാവശ്യമായ തുക കണ്ടെത്തണമെന്ന ശുപാർശ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിഗണനയിലാണ്. |
| ബി) | മേൽ സൂചിപ്പിച്ച ഒഴൂർ പി.എച്ച്.സി ക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | ബി) | |
| സി) | കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പി.എച്ച്.സി കൾക്ക് പുതുതായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത്? | സി) | കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പി.എച്ച്.സി കൾക്ക് നിലവിലുള്ള ഡോക്ടർക്ക് പുറമേ രണ്ട ഡോക്ടർ(ആകെ മൂന്ന് ഡോക്ടർമാർ) അതിലെന്ന് എൻ.എച്ച്.എം വഴിയോ പ്രാദേശികമായി എൽ.എസ്.ജി നിയമിച്ചതോ ആയിരിക്കും. കൂടാതെ ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും ഏർപ്പെടുത്തി രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണി വരെ ഒ.പി സേവനം ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.<br><br>തെരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടം, കുടിവെള്ള സൗകര്യം, ടോയ് ലറ്റ് സൗകര്യം എന്നിവ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**